

കോപം ചേർത്തു വയ്ക്കാതിരിക്കുമ്പോൾ മാപ്പിന്റെ ആവശ്യമില്ല.


# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

**Jeevitha Yatra**

Krishnamurti Foundation India   January - April 2007   Rs.2/-   Vol. 2   Issue 2


# ധ്യാനനിരതമായ മനസ്സ്

കൃഷ്ണമൂർത്തിയുടെ പ്രഭാഷണത്തിൽ നിന്ന്, ബാംഗളൂർ ജാനുവരി31, 1971

എന്താണ് നമ്മുടെ ദൈനംദിന ജീവിതം? ഇത് നിരീക്ഷിക്കാനും, അങ്ങനെ നോക്കികാണുന്നത് സഹിക്കാനും നിങ്ങൾക്ക് കഴിഞ്ഞാൽ നമ്മുടെ ദൈനംദിന ജീവിതം വാസ്തവത്തിൽ എന്തായിട്ടാണ് അനുഭവപ്പെടുക? ആ ജീവിതത്തിൽ വളരെയധികം കുഴപ്പങ്ങളും അനുരൂപങ്ങളും വൈരുദ്ധ്യങ്ങളും നിങ്ങൾക്ക് കാണാൻ കഴിയും. അവിടെ ഓരോ മനുഷ്യനും അപരനെതിരാണ്. വ്യവസായിക ലോകത്തിൽ മറ്റൊരാളുടെ കഴുത്തറക്കാൻ നിങ്ങൾ തയ്യാറാണ്. രാഷ്ട്രീയമായും, സാമൂഹ്യമായും, സദാചാരപരമായും ധാരാളം ആശയക്കുഴപ്പങ്ങൾ ഉണ്ട്. നിങ്ങളുടെ സ്വന്തം ജീവിതത്തിലേക്ക് നോക്കൂ— നിങ്ങൾ ജനിച്ച നിമിഷം മുതൽ മരണം വരെ അത് സംഘട്ടനങ്ങളുടെ ഒരു തുടർച്ചയാണ്. ജീവിതം ഒരു യുദ്ധക്കളമായി തീർന്നിരിക്കുന്നു. ദയവായി നിങ്ങളത് നിരീക്ഷിക്കുക, ഈ പ്രഭാഷകനുമായി യോജിക്കണമോ വിയോജിക്കണമോ എന്നല്ല, ജീവിതത്തെ ഒന്ന് നിരീക്ഷിക്കുക. നിങ്ങൾ ദൈനംദിന ജീവിതത്തെ ഒന്നു ശ്രദ്ധയോടെ നോക്കുക. അങ്ങനെനോക്കുമ്പോൾ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്ന് കാണാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല. എങ്ങനെയാണ് ഒരാൾ നിരാശനും, ഏകാകിയും, അസന്തുഷ്ടനും, സംഘട്ടനത്തിലും മത്സരത്തിലും ആക്രമണത്തിലും മൃഗീയതയിലും അകപ്പെടുന്നവനും ആകുന്നതെന്ന് കാണാം. അതാണ് യഥാർത്ഥത്തിൽ നമ്മുടെ ദൈനംദിനജീവിതം. ഇതിനെയാണ് നാം ജീവിതമെന്ന് വിളിക്കുന്നത്. ഇത് മനസ്സിലാക്കാനോ പരിഹരിക്കാനോ മറികടക്കാനോ കഴിയാതെ ഇതിൽ നിന്നെല്ലാം നാം ഏതെങ്കിലും പ്രത്യയശാസ്ത്രത്തിലേക്കോ പൗരാണിക ദാർശനികരുടെ തത്വസംഹിതയിലേയ്ക്കോ പൗരാണിക ആചാര്യന്മാരിലേയ്ക്കോ, പുരാതന അറിവിലേയ്ക്കോ രക്ഷ നേടുന്നു. അങ്ങനെ യാഥാർത്ഥ്യത്തിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് എല്ലാം പരിഹരിച്ചു എന്ന് നാം കരുതുന്നു. അതുകൊണ്ടാണ് തത്വശാസ്ത്രങ്ങൾക്കും ആദർശങ്ങൾക്കും രക്ഷപ്പെടലിന്റെ വിവിധ കെണികൾക്കും നമ്മുടെ പ്രശ്നങ്ങൾ ഒരു വിധത്തിലും പരിഹരിക്കാൻ സാധിക്കാത്തത്. ബുദ്ധിമാന്ദ്യം, ആവർത്തനോത്സുകത, രൂക്ഷത, ദേഷ്യം, ഹിംസ, കടന്നാക്രമണം, ഇടയ്ക്കൊക്കെ സൗന്ദര്യത്തിന്റെയോ ആഹ്ളാദത്തിന്റെയോ ഒരു മിന്നലാട്ടം, മരണമെന്ന് നാം വിളിക്കുന്ന ആ ഒന്നിനെക്കുറിച്ച് എപ്പോഴുമുള്ള ഭയം— ഇപ്രകാരം അയ്യായിരമോ അതിലപ്പുറമോ വർഷങ്ങൾക്കുമുമ്പ് എങ്ങനെ ഇരുന്നുവോ അതു പോലെ തന്നെയാണ് നാം ഇപ്പോഴും.

അങ്ങനെ നമ്മുടെ ദൈനംദിന ജീവിതം സാന്ദര്യരഹിതമാണ്, കാരണം നിങ്ങളുടെ മതാചാര്യന്മാരും പുസ്തകങ്ങളും പറയുന്നതിതാണ്. ഒരാഗ്രഹവും പാടില്ല, ആഗ്രഹരഹിതനായിരിക്കുക, സ്ത്രീകളെ നോക്കരുത് കാരണം നിങ്ങൾ വശീകരിക്കപ്പെട്ടേയ്ക്കാം, ദൈവത്തെ, സത്യത്തെ കണ്ടെത്താൻ നിങ്ങൾ ഒരു ബ്രഹ്മചാരിയായി ഇരിക്കണം. എന്നാൽ നമ്മുടെ ആചാര്യമാർ പറയുന്നതിന് വിരുദ്ധമാണ് നമ്മുടെ നിത്യജീവിതം. യഥാർത്ഥത്തിൽ നാമെന്താണോ അതുതന്നെയാണ് നാം. ഇടുങ്ങിയ ചിന്താഗതിയും ഭയവുമുള്ള വളരെ നിസ്സാരരായ ചെറിയ മനുഷ്യർ. ഇത് മാറ്റി തീർക്കാതെ നിങ്ങളുടെ സത്യാന്വേഷണത്തിനുള്ള ശ്രമത്തിനും, പാണ്ഡിത്യത്തോടെയോ ശൗര്യത്തോടെയോ ഭഗവത്ഗീതയെയും, മറ്റ് എണ്ണമറ്റ വിശുദ്ധ ഗ്രന്ഥങ്ങളെയും കുറിച്ചുള്ള നിങ്ങളുടെ ജല്പനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും യാതൊരു വിലയുമില്ല. അതിനാൽ അവയെല്ലാം

---

കഴിഞ്ഞ ആറുവർഷങ്ങളായി കൃഷ്ണമൂർത്തി ഫൗണ്ടേഷൻ, ഇന്ത്യയിലും അയൽരാജ്യങ്ങളിലുമുള്ള ഗ്രന്ഥശാലകൾക്ക് ഇംഗ്ലീഷിലും പ്രാദേശിക ഭാഷകളിലുമുള്ള കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ സംഭാവന ചെയ്യുകയായിരുന്നു.

ഇതിനോടനുബന്ധിച്ച് കഴിഞ്ഞ ഫെബ്രുവരിയിൽ കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഒരു പ്രത്യേക ദൗത്യം തുടങ്ങി — അതായത് ഈ ഉപദീപിലെ എല്ലാ പ്രധാന ഗ്രന്ഥശാലകളിലും/ വായനശാലകളിലും കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ എത്തിക്കുക എന്ന ദൗത്യം. ഈ ദൗത്യം ഏതാണ്ട് പൂർണ്ണമായും നിർവ്വഹിച്ചു കഴിഞ്ഞു. ഇന്ത്യയിലെ ഏതു ഭാഗത്തുമുള്ളവർക്ക് കുറച്ച് ദൂരം മാത്രം യാത്ര ചെയ്ത് കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥശാല കണ്ടുപിടിക്കുക എന്നത് ഇപ്പോൾ സാദ്ധ്യമാണ്. വായനക്കാർക്ക്, തങ്ങളുടെ പരിസരത്തെ ഏത് ഗ്രന്ഥശാലയിലാണ് കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ ഉള്ളതെന്നറിയണമെങ്കിൽ www.kfionline.org എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഈ സൈറ്റിലെ പ്രധാന പേജിൽ (homepage) നിന്ന് ഗ്രന്ഥശാലാ മേൽവിലാസങ്ങളടങ്ങിയ പേജിലേക്ക് ഒരു link ഉണ്ട്.

ഈ വർഷം പുസ്തകങ്ങൾ സംഭാവനചെയ്ത കേരളത്തിലെ ഗ്രന്ഥശാലകളുടെ വിലാസങ്ങൾ നാലാമത് പേജിൽ കൊടുത്തിരിക്കുന്നു. ■

ദൂരേക്ക് വലിച്ചറിഞ്ഞ് വീണ്ടും തുടങ്ങുകയാണ് വേണ്ടത്, കാരണം ഈ പുസ്തകങ്ങളും അവയുടെ വ്യാഖ്യാതാക്കളും, ആചാര്യന്മാരും, ഗുരുക്കന്മാരും നിങ്ങൾക്ക് ജ്ഞാനപ്രകാശനം നല്കിയിട്ടില്ല. അവരുടെ പ്രാമാണികതയ്ക്കോ നിർബന്ധിത ശിക്ഷണത്തിനോ, അംഗീകാരത്തിനോ യാതൊരു അർത്ഥവുമില്ല. അതിനാൽ അതെല്ലാം മാറ്റിവെച്ച് നിങ്ങൾ നിങ്ങളിൽ നിന്നുതന്നെ പഠിക്കുക. കാരണം സത്യം അതിലാണ് ഇരിക്കുന്നത്. മറ്റൊരാൾക്ക് തോന്നുന്ന സത്യത്തിലല്ല.

അതിനാൽ, പ്രാഥമികമായി നമ്മുടെ ജീവിതം മാറ്റിതീർക്കാൻ കഴിയുമോ? അത് ക്രമരഹിതവും ശകലിതവുമാണ്. അതായത് ഓഫീസിലായിരിക്കുമ്പോൾ ഒരാൾ, അമ്പലത്തിൽ പോകുമ്പോൾ (നിങ്ങൾക്കതിൽ അഭിരുചിയുണ്ടെങ്കിൽ) മറ്റൊരാൾ, കുടുംബത്തിൽ ഇരിക്കുമ്പോൾ ഇതിൽ നിന്നെല്ലാം മുഴുവനും വ്യത്യസ്തനായ ഒരാൾ , ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ മുന്നിൽ നിങ്ങൾ ഭയചകിതനും മുഖസ്തുതിക്കാരനും ആയ ഒരു മനുഷ്യനായി മാറുന്നു. ഇതല്ലാം നമുക്ക് മാറ്റാൻ കഴിയുമോ? കാരണം നമ്മുടെ ദൈനംദിന ജീവിതത്തെ മാറ്റിതീർക്കാതെ സത്യമെന്താണെന്നോ ദൈവമുണ്ടെന്നോ ഇല്ലന്നോ ഒക്കെയുള്ള നിങ്ങളുടെ ചോദ്യങ്ങൾ തീരെ അർത്ഥരഹിതമായിരിക്കും. നാം ശകലിതരാക്കപ്പെട്ട മനുഷ്യരാണ്. ഉടഞ്ഞുപോയവർ. നാം പൂർണ്ണമായും തികഞ്ഞതും അഖണ്ഡവുമായ മനുഷ്യരായി ഇരുന്നാൽ മാത്രമേ കാലയളവ് ഇല്ലാത്ത ആ ഒന്നിലേക്ക് എത്തിച്ചേരാനുള്ള സാധ്യതയുള്ളു.

അപ്പോൾ ആദ്യമായി നാം നമ്മുടെ ജീവിതത്തിലേക്ക് നോക്കണം. നിങ്ങളെങ്ങനെയാണ് സ്വന്തം ജീവിതത്തെ നോക്കുന്നത്? ദയവായി ഇതൊരല്പം ശ്രദ്ധിക്കുക. ഇത് വളരെയധികം സങ്കീർണ്ണമായ ഒരു പ്രശ്നമായതിനാൽ നമുക്കിതിനെ കഴിയാവുന്നത്ര ലളിതമാക്കാൻ ശ്രമിക്കാം. അസ്തിത്വത്തെക്കുറിച്ചുള്ള വളരെ സങ്കീർണ്ണമായ ഒരു പ്രശ്നത്തെ വളരെ ലളിതമായേ സമീപിക്കാവൂ. നിങ്ങൾക്ക് ഒരിക്കലും ഉപകരിച്ചിട്ടില്ലാത്ത നിങ്ങളുടെ സിദ്ധാന്തങ്ങളും അഭിപ്രായങ്ങളും തീർപ്പുകളുമായല്ല സമീപിക്കേണ്ടത്. നിങ്ങളുടെ മതപരമായ അനുമാനങ്ങൾക്കൊന്നും ഒരർത്ഥവുമില്ല. അതുകൊണ്ട് ഇതൊന്നുമില്ലാതെ നാം നിത്യേന നയിക്കുന്ന ജീവിതത്തെ നോക്കിക്കാണാൻ നമുക്ക് കഴിയണം. അത് യഥാർത്ഥമായി എങ്ങനെ ഇരിക്കുന്നോ അങ്ങനെതന്നെ കാണാൻ കഴിയണം. അതാണ് നമുക്കുണ്ടാവാൻപോകുന്ന പ്രയാസം—അതായത് നിരീക്ഷണം. നിരീക്ഷിക്കുക (observe) എന്ന വാക്കിന്റെ അർത്ഥമെന്താണ്? ഇത് കണ്ണുകൊണ്ടുള്ള ഐന്ദ്രിയമായ കാഴ്ച മാത്രമല്ല. നിങ്ങൾ ഈ ബോഗൻവില്ല കാണുന്നു ഇത് പടിപടിയായി മനസ്സിലാക്കുക. നിങ്ങളതിന്റെ നിറം നിരീക്ഷിക്കുമ്പോൾ നിങ്ങളൊരു മനോചിത്രം (image) രൂപപ്പെടുത്തുന്നു. നിങ്ങളിൽ നേരത്തെ തന്നെ ഇതിന്റെ ഒരു മനോചിത്രവും അതിനൊരു പേരും ഉണ്ട്. നിങ്ങളാ പുഷ്പത്തെ ഇഷ്ടപ്പെടാം. അല്ലെങ്കിൽ ഇഷ്ടപ്പെടാതിരിക്കാം. നിങ്ങൾക്കതിൽ താത്പര്യങ്ങൾ ഉണ്ട്. അപ്പോൾ ആ പുഷ്പത്തിനെക്കുറിച്ച് നേരത്തെതന്നെ ഉണ്ടായിട്ടുള്ള ഒരു മനോചിത്രത്തിലൂടെയാണ് നിങ്ങളതിനെകാണുന്നത്. യഥാർത്ഥത്തിൽ നിങ്ങൾ കാണുകയല്ല ചെയ്യുന്നത്. കണ്ണിനെക്കാളുപരി നിങ്ങളുടെ മനസ്സാണ് അതിനെ കാണുന്നത്. ശരിയല്ലേ?

ലളിതമായ ഈ വസ്തുതയെ മനസ്സിലാക്കുക. പ്രകൃതിയെക്കുറിച്ച് നമ്മളാർജ്ജിച്ച അറിവിൽ നിന്ന് രുപപ്പെട്ട മനോചിത്രങ്ങളുമായി പ്രകൃതിയെ നോക്കുക മാത്രമല്ല നാം ചെയ്യുന്നത്. വൈവിധ്യമാർന്ന അനുമാനങ്ങളും അഭിപ്രായങ്ങളും തീർപ്പുകളും മൂല്യങ്ങളുമായിട്ടാണ് നാം മനുഷ്യരേയും നോക്കുന്നത്. അതായത് നിങ്ങൾ ഹിന്ദുവാണ്, മറ്റെയാൾ മുസൽമാനും, നിങ്ങൾ കത്തോലിക്കനാണ്, മറ്റെയാൾ പ്രോട്ടസ്റ്റന്റോ, കമ്യൂണിസ്റ്റോ ഒക്കെയാണ്. നിങ്ങൾ ഇതേവരെ രൂപപ്പെടുത്തിയിട്ടുള്ള ധാരണയുടെയും മനോചിത്രങ്ങളുടേയും അടിസ്ഥാനത്തിലാണ് സ്വന്തം ജീവിതത്തെനിരീക്ഷിക്കുമ്പോൾ നിങ്ങളതിനെ കാണുന്നത്. ഇത് നല്ലതാണ്, ഇത് ചീത്തയാണ്, ഇതിങ്ങനെയാവണം അതങ്ങനെ യാവരുത് എന്നൊക്കെ നിങ്ങൾ പറയുന്നു. നിങ്ങൾ രൂപപ്പെടുത്തി യെടുത്ത അനുമാനങ്ങളിലൂടെയും മനോചിത്രങ്ങളിലൂടെയുമാണ് നിങ്ങൾ നോക്കുന്നതും നിരീക്ഷിക്കുന്നതും. അതിനാൽ യഥാർത്ഥത്തിൽ ജീവിതത്തെ നോക്കി കാണുകയല്ല നിങ്ങൾ ചെയ്യുന്നത്. ഈ ലളിതമായ വസ്തുത നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ?

**അസ്തിത്വത്തെക്കുറിച്ചുള്ള വളരെ സങ്കീർണ്ണമായ ഒരു പ്രശ്നത്തെ വളരെ ലളിതമായേ സമീപിക്കാവൂ. നിങ്ങൾക്ക് ഒരിക്കലും ഉപകരിച്ചിട്ടില്ലാത്ത നിങ്ങളുടെ സിദ്ധാന്തങ്ങളും അഭിപ്രായങ്ങളും തീർപ്പുകളുമായല്ല സമീപിക്കേണ്ടത്.**

സ്വന്തം ജീവിതത്തെ അതായിതന്നെ നോക്കിക്കാണുന്നതിന് നിരീക്ഷണം സ്വതന്ത്രമായിരിക്കണം. ഒരു ഹിന്ദുവായോ ഉദ്യോഗസ്ഥമേധാവിയായോ ഒരു കുടുംബസ്ഥനായോ ജീവിതത്തെ നോക്കരുത്. സ്വതന്ത്രമായി നിങ്ങളതിനെ നോക്കണം. അത് എളുപ്പമല്ല. ഇതിനെ മറ്റെന്തെങ്കിലുമാക്കി മാറ്റണം. ഇതിന് കൂടുതൽ മനോഹാരിതമാകുംവിധം രൂപപരിവർത്തനം നടത്തണമെന്നോ ഉള്ള വിചാരത്തോടെയാണ് നിങ്ങൾ നിങ്ങളുടെ ജീവിതത്തെ — ഈ നിരാശ തീവ്രവേദന, ദുഃഖം, ഈ പോരാടൽ—നോക്കുന്നത്. അപ്പോൾ കാണുന്നതുമായി നേരിട്ട് നിങ്ങൾക്ക് ബന്ധമില്ല. നിങ്ങൾ ഇത് മനസ്സിലാക്കുന്നുണ്ടോ? ഈ പ്രഭാഷകന്റെ വിശദീകരണമല്ല, നിങ്ങൾ സ്വന്തം ജീവിതത്തെ വാസ്തവത്തിൽ നിരീക്ഷിക്കുന്നുണ്ടോ? എങ്ങനെയാണ് നിങ്ങളതിനെ നോക്കുന്നതെന്ന് നിരീക്ഷിക്കുന്നുണ്ടോ? നിങ്ങൾ രൂപപ്പെടുത്തിയ മനോചിത്രത്തിന്റേയും അനുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് നിങ്ങൾ അതിനെ നോക്കുന്നത്. അതായത് ശരിയായി നിങ്ങൾ അതിനെ നിരീക്ഷിക്കുന്നില്ല. ഭൂതകാലത്തിൽ രൂപപ്പെടുത്തിയ പ്രതിബിംബങ്ങളിലൂടെ നോക്കുന്നു. അതുകൊണ്ട് ജീവിതവുമായി നേരിട്ട് ബന്ധം സ്ഥാപിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങൾ ജീവിതത്തെ നോക്കുമ്പോൾ, അതായത് നിങ്ങളുടെ നിത്യ ജീവിതം—എല്ലാ മനുഷ്യരും ഒന്നാണ് എന്ന് നിങ്ങൾ പറയുന്ന അപ്രായോഗികവും സിദ്ധാന്തപരവും ആയ ജീവിതമല്ല—നിങ്ങളുടെ ഭൂതകാല ജ്ഞാനവും, പ്രതിബിംബങ്ങളും, പാരമ്പര്യവും, സഞ്ചിതമായ മാനുഷികാനുഭവങ്ങളും-ഇവയിൽകൂടിയാണ് നോക്കുന്നതെന്ന് നിങ്ങൾക്ക് കാണാം. ഇത് നിങ്ങളുടെ ശരിയായ കാഴ്ചയെ തടയുന്നു. അനുഭവസിദ്ധമാക്കേണ്ട ഒരു യാഥാർത്ഥ്യമാണ് ഇത്. ജീവിതത്തെ യഥാർത്ഥമായി നിരീക്ഷിക്കണമെങ്കിൽ നിങ്ങളതിനെ പുതുമയോടെ നോക്കണം. അതായത് നിന്ദിക്കലോ, ആദർശങ്ങളോ, മാറ്റാനോ അടിച്ച മർത്താനോ ഉള്ള ആഗ്രഹമോ ഇല്ലാതെ ജീവിതത്തെ നോക്കുക. വെറും നിരീക്ഷണം മാത്രം. നിങ്ങൾ ഇതു ചെയ്യുന്നുണ്ടോ? നിങ്ങളുടെ സ്വന്തം ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയായിട്ട് ഈ പ്രഭാഷകനെ നിങ്ങൾ ഉപയോഗിക്കുന്നുണ്ടോ?. ചില മുൻവധികളോടെ ജീവിതത്തെ നിങ്ങൾ നോക്കുന്നതുകൊണ്ട് അതിനെ നേരെ നോക്കുന്നതിൽ നിന്നും സമ്പർക്കത്തിലാവുന്നതിൽ നിന്നും അവ നിങ്ങളെ തടയുന്നു. ഇങ്ങനെ നിങ്ങൾ ചെയ്യുന്നുണ്ടോ? നിങ്ങളിത് വീട്ടിൽ ചെന്നിട്ട് ചെയ്യണമെന്നല്ല പറയുന്നത്. കാരണം നിങ്ങളിത് ഇപ്പോൾ ചെയ്യുന്നില്ലെങ്കിൽ പിന്നീട് അതു ചെയ്യുകയില്ല. ഇപ്പോഴിത് ചെയ്യുന്നില്ലെങ്കിൽ ഇത് കേൾക്കാൻ വേണ്ടി വിഷമിക്കേണ്ട.

ആകാശത്തേയും ആ മരത്തേയും പ്രകാശത്തിന്റെ സൗന്ദര്യത്തേയും മാർദ്ദവവും വടിവുകളുമുള്ള മേഘങ്ങളെയും നോക്കുക. മനോചിത്രങ്ങളൊന്നുമില്ലാതെ അവയെ നോക്കു

മ്പോൾ സ്വന്തം ജീവിതമെന്താണെന്ന് നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. എന്നാൽ ഒരു നിരീക്ഷകനായാണ് (observer) നിങ്ങൾ തന്നെതന്നെയും ജീവിതത്തെയും നോക്കിക്കൊണ്ടിരിക്കുന്നത്. നിരീക്ഷിക്കപ്പെടേണ്ട (observed) എന്തോ ഒന്നായിട്ടാണ് ജീവിതത്തേയും കാണുന്നത്. നിരീക്ഷകനും നിരീക്ഷിത വസ്തുവിനുമിടയിൽ ഒരു വേർതിരിവ് (division) ഉണ്ട്. അതായത് നിങ്ങൾ സ്വന്തം ജീവിതത്തിൽ നിന്നും വേർപെട്ട് ഒരു നിരീക്ഷകനായിട്ടാണ് സ്വന്തം ജീവിതത്തെ കാണുന്നത്. അതിനാൽ നിരീക്ഷകനും നിരീക്ഷിത വസ്തുവും തമ്മിലൊരു വേർതിരിവുണ്ട്. ഈ വേർതിരിവാണ് എല്ലാ സംഘട്ടനത്തിന്റേയും പോരാട്ടത്തിന്റെയും വേദനയുടേയും ഭയത്തിന്റെയും നിരാശയുടെയും അടിസ്ഥാനം.

അതായത്, എവിടെ മനുഷ്യർക്കിടയിൽ ഒരു വിഭാഗീയതയുണ്ടോ -ദേശീയവും. മതപരവും, സാമൂഹികവുമായ വിഭജനം—അവിടെ സംഘട്ടനമുണ്ടാവും. ഇതാണ് നിയമവും ന്യായവും യുക്തിയും. ഒരു വശത്ത് പാക്കിസ്ഥാനും മറുവശത്ത് ഇന്ത്യയും പരസ്പരം യുദ്ധം ചെയ്യുന്നു. നിങ്ങൾ ഒരു ബ്രാഹ്മണൻ മറ്റെയാൾ ഒരു അബ്രാഹ്മണൻ. അവിടെ വിഭാഗീയതയും വിദ്വേഷവും ഉണ്ടാകുന്നു. എല്ലാ സംഘട്ടനങ്ങളോടും കൂടിയ ബാഹ്യമായ ഒരു വിഭജനവും നിരീക്ഷകനും നിരീക്ഷിതവസ്തുവിനും തമ്മിലുള്ള ആന്തരികമായ വിഭജനവും ഒന്നാണ്. ഇത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇത് മനസ്സിലാക്കിയില്ലെങ്കിൽ അധികമൊന്നും മുന്നോട്ട് പോകാൻ നിങ്ങൾക്ക് കഴിയില്ല. എന്തുകൊണ്ടെന്നാൽ സംഘർഷഭരിതമായ ഒരു മനസ്സിന് സത്യം എന്തെന്ന് ഗ്രഹിക്കാൻ സാധ്യമല്ല. സംഘർഷപൂരിതമായ മനസ്സ് യാതനാനിർഭരവും വികലവും വളഞ്ഞതും വികൃതമാക്കപ്പെട്ടതും ആയ ഒന്നാണ്. അത്തരം ഒരു മനസ്സിന് ഭൂമിയുടെയോ, അംബരത്തിന്റെയോ, ഒരു വൃക്ഷത്തിന്റെയോ, ഒരു കുഞ്ഞിന്റെയോ, ഒരു സ്ത്രീയുടെയോ, ഒരു പുരുഷന്റെയോ സൗന്ദര്യം എങ്ങനെ നിരീക്ഷിക്കാൻ കഴിയും? അതീവ സൂക്ഷ്മമായ സംവേദനശക്തിയുടെയും (sensitivity) അതിലുൾച്ചേർന്നിരിക്കുന്ന മറ്റെല്ലാറ്റിന്റെയും സൗന്ദര്യവുമൊക്കെ നിരീക്ഷിക്കാൻ ആ മനസ്സ് എങ്ങനെ സ്വതന്ത്രമായിരിക്കും? അതിനാൽ ഈ അടിസ്ഥാനതത്വത്തെ ഒരാദർശമെന്നല്ലാതെ ഒരു വസ്തുതയായി മനസ്സിലാക്കിയില്ലെങ്കിൽ അനിവാര്യമായി നിങ്ങൾക്ക് സംഘർഷങ്ങൾ ഉണ്ടാകും.

അപ്പോൾ ചോദ്യം ഇതാണ്. നിരീക്ഷിത വസ്തുവിൽ നിന്നും സ്വയം വേർതിരിക്കപ്പെട്ട ഈ നിരീക്ഷകൻ എന്താണ്? ഇത് ഒരു കർശനമോ ബുദ്ധിപരമായ കാര്യമോ നിങ്ങൾക്ക് ചർച്ച ചെയ്യാനോ നിഷേധിക്കാനോ യോജിക്കാനോ വിയോജിക്കാനോ കഴിയുന്ന ഒരു സംഗതിയല്ല. ഇത് നിങ്ങൾക്ക് സ്വയം ദർശിക്കാൻ കഴിയേണ്ട ഒന്നാണ്. ഇത് നിങ്ങൾ സ്വയം ദർശിക്കേണ്ട ഒന്നാണ്. അതിനാൽ ഇത് പ്രഭാഷകന്റെയല്ല നിങ്ങളുടെ തന്നെ ഒരു അറിവായിത്തീരും.

നിങ്ങൾ ദേഷ്യപ്പെടുമ്പോൾ ആ ക്ഷണം നിരീക്ഷകൻ ഇല്ല. എന്തെങ്കിലും ഒന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ആ ക്ഷണം നിരീക്ഷകൻ ഇല്ല. ഉജ്ജ്വലമായ ആ സൂര്യാസ്തമയം നോക്കിനിൽക്കുമ്പോൾ ഞാൻ സൂര്യാസ്തമയം ദർശിക്കുന്നു എന്ന് പറയുന്ന ഒരു നിരിക്ഷകനുണ്ടായിരിക്കില്ല. ഒരു ക്ഷണത്തിന് ശേഷം നിരീക്ഷകൻ പ്രത്യക്ഷപ്പെടുന്നു. അതായത് നിങ്ങൾ ദേഷ്യപ്പെടുമ്പോൾ ഒരു നിരീക്ഷകനോ അനുഭവസ്ഥനോ ഇല്ല. ദേഷ്യം എന്ന ആ അവസ്ഥ മാത്രമേ അപ്പോഴുള്ളു. ഒരു ക്ഷണത്തിന് ശേഷമാണ് ഞാൻ ദേഷ്യപ്പെടരുതായിരുന്നു എന്നോ ഞാൻ ദേഷ്യപ്പെട്ടത് ന്യായമാണ് എന്നോ പറയുന്ന നിരീക്ഷകൻ രംഗത്ത് വരുന്നത്. ദേഷ്യപ്പെടുന്ന നിമിഷത്തിലല്ല അതിന് ശേഷമാണ് വേർതിരിവിന്റെ ആരംഭം. ഇത് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

ഇത് എങ്ങനെയാണ് സംഭവിക്കുന്നത്? എന്തെങ്കിലുമൊന്ന് അനുഭവിക്കുന്ന നിമിഷം നിരീക്ഷകൻ തികച്ചും ഇല്ലാതാവുന്നു. ഒരു ക്ഷണത്തിന് ശേഷം എങ്ങനെയാണ് അയാൾ രംഗത്ത് വരുന്നത്? ഈ ചോദ്യം ഉന്നയിക്കുന്നത് പ്രഭാഷകനായ ഞാനല്ല, മറിച്ച് നിങ്ങളാണ്. നിങ്ങളിത് ഉന്നയിക്കൂ. ഉത്തരം നിങ്ങൾ കണ്ടെത്തും. നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ യത്നിക്കണം, എന്തുകൊണ്ടെന്നാൽ ഇത് നിങ്ങളുടെ ജീവിതമാണ്. പ്രഭാഷകനിൽ നിന്നും കുറെ കാര്യങ്ങൾ ഞാൻ പഠിച്ചു എന്ന് നിങ്ങൾ പറയുകയാണെങ്കിൽ അതിനർത്ഥം നിങ്ങൾക്കൊന്നും തന്നെ മനസ്സിലായിട്ടില്ല എന്നാണ്. നിങ്ങൾ കുറെ വാക്കുകൾ ശേഖരിക്കുന്നു അത്രമാത്രം. ആ വാക്കുകൾ കൂട്ടിച്ചേർക്കുമ്പോൾ അവ ഒരാശയം ആയിത്തീരുന്നു. ആശയം ക്രമമുള്ള ചിന്തയാണ്. ആശയങ്ങളെക്കുറിച്ചോ, പുതിയ തത്വശാസ്ത്രത്തെക്കുറിച്ചോ അല്ല നമ്മൾ സംസാരിക്കുന്നത്. തത്വശാസ്ത്രം എന്നാൽ ദൈനംദിനജീവിതത്തിൽ സത്യത്തോടുള്ള സ്നേഹമാണ്. അല്ലാതെ ഒരു ദാർശനിക മനസ്സ് പുതുതായി കണ്ടുപിടിച്ച സത്യമല്ല തത്വശാസ്ത്രം.

അപ്പോൾ എങ്ങനെയാണ് ഈ നിരീക്ഷകൻ വന്നു ചേരുന്നത്. ഒരു പുഷ്പത്തെ വളരെ സൂക്ഷ്മമായി നിങ്ങൾ നിരീക്ഷിക്കുമ്പോൾ നോക്കുന്നു എന്ന ക്രിയല്ലാതെ ഒരു നിരീക്ഷകനില്ല. പിന്നീട് ആ പുഷ്പത്തിന് നിങ്ങളൊരു പേര് നല്കുന്നു. അതിന് ശേഷം എന്റെ വീട്ടിലോ പൂന്തോട്ടത്തിലോ ഇതുണ്ടായിരുന്നെങ്കിൽ എന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ ഈ പൂവിന്റെ ഒരു മനോചിത്രം നിർമ്മിക്കാൻ തുടങ്ങിക്കഴിഞ്ഞു. അങ്ങനെ ഒരു പ്രതിബംബ നിർമ്മാതാവാണ് നിരീക്ഷകൻ. ഇത് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ദയവായി ഇത് നിങ്ങളിൽ തന്നെ നോക്കിക്കാണുക. അങ്ങനെമനോചിത്രവും, മനോചിത്ര നിർമ്മാതാവുമാണ് നിരീക്ഷകൻ. ആ നിരീക്ഷകൻ കഴിഞ്ഞകാലത്തെ സൂചിപ്പിക്കുന്നു. നിരീക്ഷകൻ എന്ന നിലയി

# ആത്മപരിതാപത്തിന്റെ പ്രതിധ്വനിയല്ല ...

ധ്യാനം ഒരിക്കലും പ്രാർത്ഥനയല്ല. പ്രാർത്ഥന, യാചന ഒരാളുടെ ആത്മപരിതാപത്തിൽ (self-pity) നിന്ന് ഉണ്ടാകുന്നു. ദുഃഖമോ പ്രയാസമോ ഉണ്ടാകുമ്പോഴാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്. സന്തോഷമോ, ആഹ്ലാദമോ ഉണ്ടാകുമ്പോൾ പ്രാർത്ഥനയില്ല. മനുഷ്യനിൽ ആഴത്തിൽ മുദ്രിതമായിരിക്കുന്ന ആത്മപരിതാപത്തിലാണ് വിഭജനത്തിന്റെ അടിവേര്. ഏതൊന്ന് വേർപെട്ടതോ അല്ലെങ്കിൽ വേർപെട്ടതെന്ന് ചിന്തിക്കുന്നുവോ അത് വേർപെട്ടിട്ടില്ലാത്ത ഒന്നിനോട് താദാത്മ്യപ്പെടാൻ ശ്രമിക്കുന്നു. അത് കൂടുതൽ വിഭജനവും വേദനയും മാത്രമേ കൊണ്ടുവരികയുള്ളു. ഈ വ്യാകുലതയിൽനിന്നാണ് ഒരാൾ ദൈവത്തോടോ അല്ലെങ്കിൽ ഭർത്താവിനോടോ അല്ലെങ്കിൽ ഭാവനാസൃഷ്ടമായ ഒരു ദേവതയോടോ കരയുന്നത്. ഈ കരച്ചിലിന് ഉത്തരം കിട്ടിയേക്കാം. പക്ഷേ ആ ഉത്തരം വിഭജിത മനസ്സിന്റെ, ആത്മപരിതാപത്തിന്റെ, പ്രതിധ്വനി മാത്രമായിരിക്കും.

വാക്കുകൾ, പ്രാർത്ഥനകൾ ആവർത്തിക്കുമ്പോൾ സ്വയം മോഹനിദ്രിതവും സ്വയം വലയിതവും വിനാശിതവും ആകുന്നു. അറിഞ്ഞതിന്റെ മണ്ഡലത്തിലാണ് ചിന്ത അപ്പോഴും ഒറ്റപ്പെടുന്നത്. അവിടെ പ്രാർത്ഥനയ്ക്ക് മറുപടിയായിരിക്കുന്നത് അറിയപ്പെട്ടതിന്റെ പ്രതിസ്പന്ദനം മാത്രമാണ്.

ധ്യാനം ഇതിൽനിന്നും വളരെ അകലെയാണ്. ആ മണ്ഡലത്തിൽ ചിന്തയ്ക്ക് പ്രവേശിക്കാനാവില്ല. അവിടെ വേർപെടലില്ല. അതുകൊണ്ട് വ്യക്തിത്വമില്ല. ധ്യാനം തുറന്നിരിക്കുന്നു. രഹസ്യത്തിനവിടെ സ്ഥാനമില്ല. എല്ലാം വെളിപ്പെടുത്തപ്പെട്ടത്, സ്പഷ്ടമായത്, അപ്പോഴത്രേ സ്നേഹത്തിന്റെ ഭംഗി.

*ധ്യാനങ്ങൾ* എന്ന പുസ്തകത്തിൽ നിന്ന്

ലുള്ള ഞാൻ ഭൂതകാലത്തിന്റേതാണ്. ഞാൻ ശേഖരിച്ചിട്ടുള്ള അറിവാണ് ഈ ഞാൻ എന്നത്. വേദനയുടേയും, ദുഃഖത്തിന്റെയും പീഡനത്തിന്റെയും, നിരാശയുടെയും യാതനയുടെയും ഏകാന്തതയുടെയും അസുയയുടെയും ഒരാൾ അനുഭവിക്കുന്ന അസാധാരണമായ ഉത്കണ്ഠയുടെയും ആർജ്ജിതമായ അറിവാണ് ഞാൻ. നിരീക്ഷകന്റെ ആർജ്ജിതമായ അറിവാണ് ഭൂതകാലം. അതാണ് ഞാൻ. അതായത് നിങ്ങളൊരു പൂവിനെനിരീക്ഷിക്കുമ്പോൾ ഭൂതകാലാനുഭവങ്ങളുടെ കണ്ണുകളോടെയാണ് നിരീക്ഷിക്കുന്നത്. ഈ നിരീക്ഷകൻ ഇല്ലാതെ എങ്ങനെയാണ് നോക്കികാണേണ്ടതെന്നറിയാത്തതിനാൽ നിങ്ങൾ സംഘർഷമുണ്ടാക്കുന്നു.

അപ്പോഴിതാണ് നമ്മുടെ ചോദ്യം. ഒരു പൂവിനെമാത്രമല്ല നിങ്ങളുടെ ജീവിതത്തെയും വേദനകളെയും, നിരാശകളെയും, ദുഃഖങ്ങളെയും ഒരു പേരുനല്കാതെ എനിക്കതിനപ്പുറം പോകണം, ഞാൻ അതിനെ അടിച്ചമർത്തണം എന്ന് സ്വയം പറയാതെ നോക്കിക്കാണാൻ നിങ്ങൾക്ക് കഴിയുമോ? നിരീക്ഷകൻ ഇല്ലാതെ ഒന്ന് നോക്കാൻ. നമ്മളിപ്പോൾ സംസാരിക്കുമ്പോൾ തന്നെ ദയവായി നിങ്ങളത് ചെയ്ത് നോക്കു. അതായത് നിങ്ങളുടെ ഏതെങ്കിലും ഒരാസക്തി എടുക്കുക. ഉദാഹരണത്തിന് അസുയ (envy). അസുയ എന്താണെന്ന് നിങ്ങൾക്ക് ശരിക്കുമറിയില്ലേ? നിങ്ങൾക്കത് നല്ല പരിചയം കാണും. അസൂയ ഒരു താരതമ്യവും ചിന്തയുടെ ഒരു പരിമാണവുമാണ്. നിങ്ങളെന്താണ് എന്നതും എന്തായിരിക്കണം അല്ലെങ്കിൽ എന്തായിത്തീരണം എന്നതും തമ്മിലുള്ള താരതമ്യം. അപ്പോൾ അസുയ എന്താണെന്ന് നിങ്ങൾക്കറിയാം. അതിനെ ഒന്നു നോക്കുക. നിങ്ങളുടെതിനേക്കാൾ കൂടുതൽ വലിപ്പമുള്ള കാറും കൂടുതൽ നല്ല വീടും ഉള്ള അയൽക്കാരനോട് നിങ്ങൾക്ക് അസൂയയാരിക്കും. അതായത് നിങ്ങൾ സ്വയം അയാളുമായി താരതമ്യം ചെയ്യുന്നു. അങ്ങനെ അസൂയ ജനിക്കുന്നു. എന്താണ് ആ വികാരമെന്ന് നിങ്ങൾക്കറിയാം. ഇനി അത് ശരിയെന്നോ തെറ്റെന്നോ പറയാതെ ഒരു പേരുമിടാതെ, അത് അസൂയയാണെന്ന് പറയാതെ ഒരു മനോചിത്രവുമില്ലാതെ ആ വികാരത്തെ നോക്കിക്കാണാൻ നിങ്ങൾക്ക് കഴിയുമോ? എങ്കിൽ നിങ്ങൾ അതിനെ മറികടക്കും. അസൂയാലുവായിരിക്കാമോ അതു പാടില്ലായോ അതിനെ അമർത്തണം എന്നൊക്കെ വിചാരിച്ച് അസൂയയുമായി മല്ലാടുന്നതിന് പകരം നിങ്ങളുടെ ദേഷ്യത്തെയും അസൂയയെയും അവയ്ക്ക് പേര് നല്കാതെ നിരീക്ഷിക്കുക. കാരണം പേര് വിളിക്കുക എന്നത് നീതീകരിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്ന പഴയ ഓർമ്മകളുടെ പ്രവർത്തനമാണ്. എന്നാൽ നാമകരണം ചെയ്യാതെ നിങ്ങൾക്കതിനെ നോക്കാൻ സാധിക്കുമെങ്കിൽ നിങ്ങൾക്കതിനെ മറികടക്കാൻ സാധിക്കും. ■

## കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ ഉള്ള കേരളത്തിലെ ഗ്രന്ഥശാലകൾ

Alleppey Muncipal Library, Opp. Boat Jetty, Boat Jetty Road, Allapuzha; Theosophical Library, Annapurna Lodge, Sanathanam Ward, Allapuzha; Chenganur Muncipal Library, Chenganur-Mavelikara Road, Near Railway Station, Muncipal Building, Chenganoor; Sri Kerala Verma Memorial Taluk Central Library, Town Hall Junction, Harippad; Social Science Forum, Peet Memorial Training College, Mavelikkara, Allapuzha; Immanuel Marthoma Yuvajana Sakyam Library, Immanuel Marthoma Church, Pandanad (W), Chengannoor; Alwaye Municipal Library, Alwaye, Ernakulam; Elloor Library, Press Club Road, Ernakulam; Ernakulam Public Library, T D Road, Ernakulam; K S Raghavan Memorial Library, Deevans Road, Ernakulam; Samastha Kerala Sahitya Parishad Library, Hospital Road, Near Head Post Office, Maharaja College, Ernakulam; S N D P Club Library & Reading Room, S N D P Building, Kalady-Alluva Road, Kalady; Sree Sankaracharya University of Sanskrit Library, Kalady, Ernakulam; Kothamangalam Muncipal Library, High Range Junction, Library Road, Near Surmaya Textiles, Kothamangalam; Madirapally Gramin Vayanasala, Kothamangalam-Muvatapuzha Road, Madirapally, Kothamangalam; Nellikuzhi Panchayat Library, Thrikkariyoor P.O., Ernakulam; Idukki Municipal Library, Thodupuzha, Idukki; Munnar Panchayat Library, T B Road, At Panchayat Complex, Munnar; Cosmopolitan Club Public Library, Karimkunnam, Near Karimkunnam Junction, Thodupuzha; Rajiv Gandhi Memorial Library, Vazhathope Junction, P.O. Thadiampadu; Cherupuzha Grameena Vayanasala, Cherupuzha, Kannur; Kannur District Central Library, Tellicherry Road, Near Civil Station, Kannur; Nehru Public Library, Yogasala Road, Near Malabar College, Kannur; Taliparamba Muncipal Library, Court Road, Near Mosque, Taliparamba; Azad Memorial Library, Gundert Road, Opp. Centenary Memorial Building, Thalassary; Government Brennen College, Dharmadam, Thalassery, Kannur; Sporting Youths Library, Thiruvangad, Thalassery, Kannur; Kanhangad Municipal Library, Local Library Authority, Opp. Bus Stand, Kotachery, Kanhangad; Kasargode District Library, Pulikunnu, Kasargode; Mahatma Gandhi Centenary Municipal Library, Pulikunnu, Kasargode; Kochi Corporation M K Raghavan Memorial Library & Reading Room, Chullikal, Kochi; Samastha Kerala Sahithya Parishad Grandhasala, Hospital Road, Kochi; Wisdom School of Aesthetics, Kureckal Building, East Fort Gate, Tripunithura, Kochi; Goda Verma Raja Library, Ayoor-Chunda Road, Near Ittiva Panchayat Office, Vayyanam, Ayoor; Quilon Public Library & Research Centre, P.B.No. 520, Kollam; Mar Thoma Valiyapalli, Thevalakkara PO, Kollam; Ullur Smaraka Muncipal Library, M C Road, Near Municipal Office, Changanacherry; Kottayam Public Library, Sastri Road, Kottayam; Govt Polytechnic College Library, Nattakom PO, Kottayam; Vaikkam Municipal Library, Vaikom, Kottayam; Beypore Samskarika Kendra, Beypore Rd., Near R M Hospital, Beypore, Kozhikode; Elathur Public Library, Elathur PO, Kozhikode; Kozhikode District Central Library, Local Library Authority, Kozhikode; Sanmarga Darshini Library and Reading Room, Near Vellayil Railway Station, Gandhi Rd., Kozhikode; Nilambur Public Library, Nilambur, Kozhikode; Shanti Niketan (Holistic Healing Centre), Thiruthiyad (Behind Officers Club), Puthiyara PO, Kozhikode; Janakeeya Vichinthana Kendram, PO Vattoli, via Kakkattil, Vadakara, Kozhikode; Vatakara Muncipal Library, Court Road, Near Court, Vadakara; Deeseeya Grandhasala, Vattoli PO, Via Kakkatil, Kozhikode; Mahe Government Public Library, Near Tagore Park, Mahe; King Edward Fraser Memorial Library, Fraser Hall, Jubilee Road, Near Mallapuram Traffic Police Station; Manjeri Public Library, Court Gate, Kacharipadi, Manjeri; V K Krishna Menon Public Library, Pattambi Road, Near Urban Co Operative Bank, Perianthalmanna; Chittoor Municipal Library, Chittoor, Palakkad; General Library, Govt College, Chittoor, Palakkad; K Jacob Thomas Memorial Sahrudaya Library, Hospital Road, Hospital Junction, Mannarkad; Palakkad District Central Library, Behind Canara Bank, Sultanpeta, Palakkad; Evergreen Library, (The English Institute) Near Post Office, Peruvemba Post, Palakkad; Adoor Muncipal Library, Adoor-Punalur Road, Parakode Junction, Near Adoor Muncipal Building; E V Memorial Library, Karuvatta, Adoor; SSV Library & Reading Room, Ayroor South PO, Pathanamthitta; Pathanamitta Muncipal Library, Police Station Road, Near Muncipal Office, Pathanamthitta; Elloor Lending Library, Poomthopil Buildings, Spencer-Vanross Road, Elloor, Trivandrum; Ulloor Smaraka Grandhasala, Jagathi, Thiruvananthapuram; Tamil Sangam Library, Tamil Sangam Road, Near Killipalam, Karamana, Thiruvananthapuram; Trivandrum Public Library, Palayam, Thiruvananthapuram; Kerala Council for Historical Research, Thiruvananthapuram; Sri Chithirathirunal Library, Near Vanchiyoor Junction, P.O. Vanchiyoor, Thiruvananthapuram; Children's Library, Thycaud, Thiruvananthapuram; Kerala Kalamandalam Library, Vallathol Nagar, Cheruthuruthy, Thrissur; Bharatiya Vidya Bhavan's Vidya Mandir, Poochatty PO, Eravimangalam, Thrissur; Guruvayoor Municipal Library & Reading Room, Next to Municipal Office, Guruvayoor; 'Vistas', Narayana Nivas, Konathukunnu PO, Irinjalakuda, Thrissur; S N Public Library, SN Nagar, Irinjalakuda North PO, Thrissur; Kodungallur Municipal Library, Old Municipal Bldg., Next to K S E B Office, Kodungallur; Marymatha Major Seminary, PB No. 7, Mannuthy, Thrissur; Master Service Centre, Varnam Complex, Patturaikal, Thrissur; Krishnamurti Study Centre, c/o P R Baladevan, Hotel Elite International, Round South, Thrissur; Trichur Public Library, Town Hall Road, Thrissur; Krishnamurti Study Centre, c/o A Raveendran, XI/865, R M Lane, Veliyannur, Thrissur; Sri Kerala Verma Pothu Vayanasala, Palace Road, Wadakanchery; Wynad District Library, Mundeli Road, Near Veternary Hospital, Kalpetta; Pazhassi Raja Smaraka Granthalayam, Hospital Road, Near District Hospital, Mananthawadi, Wynad; St Joseph's Training Institute, Kaniyaram, Mananthavady PO, Wynad; Kanavu, Nadavayal P.O., Wynad; Aykyadeepaam Vayanasala & Recreation Club, Payampally P.O., via Kartikulam, Wynad; Pullpally Public Library, Near Vijaya H S School, Pullpally. ■

# താങ്കളുടെ ഉപദേശങ്ങൾ പ്രായോഗികമാണോ?

ചോദ്യം: ലോകത്തെ സഹായിക്കുവാൻ പ്രായോഗികമായി എന്തെങ്കിലും ചെയ്യാതെ അങ്ങ് എന്തിനാണ് ഉപദേശങ്ങൾ നല്കി സമയം കളയുന്നത്?

കൃഷ്ണമൂർത്തി : പ്രായോഗികമായ എന്നതുകൊണ്ട് എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? ലോകത്തിൽ ഒരു മാറ്റം, കൂടുതൽ നല്ല സാമ്പത്തിക വ്യവസ്ഥ, സമ്പത്തിന്റെ കൂടുതൽ ന്യായമായ വിതരണം, കുടുതൽ നല്ല ബന്ധങ്ങൾ — ഇവയെല്ലാം കൈവരുത്തുക എന്നാണോ? കൂടുതൽ വെട്ടിത്തുറന്നു പറഞ്ഞാൽ, നിങ്ങൾക്കു കുറെക്കൂടി നല്ല ജോലികിട്ടാൻ സഹായിക്കുക എന്നാണോ? ഈ ലോകത്തിൽ ഒരു മാറ്റം ഉണ്ടായിക്കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നു. ബുദ്ധിശാലിയായ ആരും അങ്ങനെ ആഗ്രഹിക്കും. അങ്ങനെയൊരു മാറ്റം കൈവരുത്താനുള്ള വഴി നിങ്ങൾക്കു കണ്ടെത്തണം. അതുകൊണ്ട് അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാതെ വെറുതെ ഉപദേശിച്ചു സമയം കളയുന്നതു എന്തിനാണെന്ന് നിങ്ങൾ എന്നോടുചോദിക്കുന്നു. ഞാൻ ചെയ്യുന്നത് സമയം വൃഥാകളയലാണോ? പഴയ പ്രത്യയശാസ്ത്രത്തിനും സംവിധാനത്തിനും പകരം പുതിയവ നിർദ്ദേശിക്കാനാണ് ഞാൻ മുതിരുന്നതെങ്കിൽ അതു വൃഥാ സമയം കളയലായിരിക്കും, അല്ലേ?. ഒരു പക്ഷേ ഞാൻ അങ്ങനെചെയ്യണമെന്നാകാം നിങ്ങൾ ആഗ്രഹിക്കുന്നത്. പ്രവർത്തിക്കാനും ജീവിക്കാനും കൂടുതൽ നല്ല ജോലി കിട്ടാനും കൂടുതൽ നല്ല ലോകം സൃഷ്ടിക്കാനും സഹായകമാകുമെന്നുകരുതുന്ന പ്രായോഗികമാർഗ്ഗം ചൂണ്ടിക്കാണിക്കുന്നതിനേക്കാൾ, ഇടതിന്റേയോ, വലതിന്റെയോ മാർഗ്ഗത്തിലുള്ളതല്ലാത്ത ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ളതല്ലാത്ത മൗലികവും സമഗ്രവുമായ ഒരു വിപ്ലവത്തിന് യഥാർത്ഥത്തിൽ തടസ്സമായിട്ടുള്ള പ്രതിബന്ധങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതല്ലേ പ്രധാനം? കാരണം, നാം മുമ്പേ പറഞ്ഞതുപോലെ ആശയങ്ങളും വിശ്വാസങ്ങളും പ്രത്യയശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും പ്രവർത്തനത്തിന് തടസ്സമാകും. പ്രവർത്തനം ആശയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കുന്നിടത്തോളം കാലം, ലോകത്തിൽ മാറ്റം വരുത്താൻ, വിപ്ലവം നടത്താൻ സാധ്യമാവില്ല. കാരണം, അപ്പോൾ പ്രവർത്തനം ഏതെങ്കിലും തരത്തിലുള്ള പ്രതിപ്രവർത്തനം മാത്രമായിരിക്കും. അപ്പോൾ പ്രവർത്തനത്തേക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം കൈവരുന്നു. അതുതന്നെയല്ലേ ഇപ്പോൾ ലോകത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്? പ്രവർത്തനത്തിനു തടസ്സമാകുന്ന ഘടകങ്ങൾ കണ്ടറിഞ്ഞാലേ നമുക്ക് പ്രവർത്തിക്കുവാൻ കഴിയൂ. പക്ഷേ നമ്മിൽ പലർക്കും പ്രവർത്തിക്കണമെന്നില്ല, അതാണ് നമ്മുടെ കുഴപ്പം. നമ്മൾക്കു ചർച്ചകൾ നടത്തുന്നതിലാണ് കൂടുതൽ താല്പര്യം. ഒരു പ്രത്യയശാസ്ത്രത്തിന് പകരം മറ്റൊന്ന് കൈകൊള്ളാനാണ് നമ്മുടെ ശ്രമം. അങ്ങനെ പ്രത്യയശാസ്ത്രത്തിന്റെ പേരിൽ നാം പ്രവർത്തിയിൽ നിന്ന് രക്ഷനേടുന്നു. അതു കൂടുതൽ എളുപ്പമാണ്, അല്ലേ?

ഇന്ന് ലോകം പല പ്രശ്നങ്ങളേയും നേരിടുന്നുണ്ട്. ജനപ്പെരുപ്പം, പട്ടിണി, ദേശങ്ങളുടേയും വർഗ്ഗങ്ങളുടേയും പേരിലുള്ള വിഭാഗീയത തുടങ്ങി പലതും. ദേശീയതയെ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹാരം കാണാൻ ആരും മുതിരാത്തതു എന്തുകൊണ്ടാണ്. സ്വന്തം ദേശീയതയെ മുറുകെപ്പിടിച്ചുകൊണ്ടു സാർവദേശീയത അംഗീകരിക്കാൻ ശ്രമിക്കുമ്പോൾ നാം മറ്റൊരു പ്രശ്നം സൃഷ്ടിക്കുന്നു. നമ്മിൽ മിക്കവരും ചെയ്യുന്നതു അതാണ്. ആശയങ്ങൾ വാസ്തവത്തിൽ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നത് നിങ്ങൾ കാണുന്നു. ലോകത്തെ ഒരുമിപ്പിക്കാനും എല്ലാവർക്കും ഭക്ഷണം നൽകാനും കഴിയുമെന്ന് പ്രശസ്തനായ ഒരു രാജ്യതന്ത്രജ്ഞൻ അഭിപ്രയപ്പെട്ടിട്ടുണ്ട്. പക്ഷേ എന്തുകൊണ്ടാണ് അതു ചെയ്യാൻ കഴിയാത്തത്. വ്യത്യസ്തങ്ങളായ ആശയങ്ങളും വിശ്വാസങ്ങളും ദേശീയതകളുമാണ് അതിനുകാരണം. ആശയങ്ങൾ ജനങ്ങൾക്കു ഭക്ഷണം നൽകുന്നതിന് തയസ്സമായിത്തീരുന്നുവെന്നർത്ഥം. നമ്മിൽ മിക്കവരും ആശയങ്ങളുടെ പേരിൽ തർക്കങ്ങൾ വലിയ വിപ്ലവകാരികളെന്ന് അഭിമാനിക്കുകയും പ്രായോഗികം മുതലായ പദങ്ങൾകൊണ്ട് നമ്മേ സ്വയം മയക്കിക്കളയുകയുമാണ് ചെയ്യുന്നത്. പ്രധാനമായ കാര്യം, ആശയങ്ങളിൽ നിന്നും ദേശീയതകളിൽ നിന്നും എല്ലാത്തരം മതവിശ്വാസങ്ങളിൽ നിന്നും സിദ്ധാന്തങ്ങളിൽ നിന്നും നാം മോചനം നേടണമെന്നതാണ്. എങ്കിലേ, ഏതെങ്കിലും നിശ്ചിതരീതിക്കോ ആശയത്തിനോ അനുസൃതമായല്ലാതെ, ആവശ്യത്തിനനുസരിച്ചു പ്രവർത്തിക്കാനാകു. അത്തരം പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നു വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത് സമയം പാഴാക്കലോ വെറുതെ ഒച്ചകൂട്ടലോ അല്ല. നിങ്ങൾ ചെയ്യുന്നതു സ്പഷ്ട മായും അസംബന്ധമാണ്. നിങ്ങളുടെ ആദർശങ്ങളും വിശ്വാസങ്ങളും രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ ഒറ്റമൂലികകളും വാസ്തവത്തിൽ ജനങ്ങളെ വിഭജിക്കുകയും യുദ്ധത്തിലേക്കു തള്ളി വിടുകയുമാണ് ചെയ്യുന്നത്. ആശയങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും മോചനം നേടിയാലെ മനസ്സിന് ശരിയായ നിലയിൽ പ്രവർത്തിക്കാൻ കഴിയു.

ദേശസ്നേഹിയും ദേശീയവാദിയമായ ഒരാൾക്കു സാഹോദര്യം എന്നാൽ എന്തെന്ന് ഒരിക്കലും മനസ്സിലാക്കാൻ സാധ്യമല്ല, — അയാൽ അതിനെക്കുറിച്ചു പ്രസംഗിക്കുമെങ്കിലും. എന്നല്ല സാമ്പത്തികം തുടങ്ങിയ എല്ലാ മണ്ഡലങ്ങളിലേയും അയാളുടെ പ്രവർത്തികൾ യുദ്ധത്തിന് വഴിവെയ്ക്കുന്നതായിരിക്കും താനും. അതുകൊണ്ട് മനസ്സു ആശയങ്ങളിൽ നിന്ന്, ഉപരിപ്ലവമായിട്ടല്ല, അടിസ്ഥാനപരമായിത്തന്നെ, മോചനം നേടിയാലെ ശരിയായ പ്രവർത്തനവും അതുവഴിയുള്ള സമഗ്രവും സുസ്ഥിരവുമായ പരിവർത്തനവും സാധ്യമാകു. ആത്മാവബോധംകൊണ്ടും ആത്മജ്ഞാനം കൊണ്ടും മാത്രമേ ആശയങ്ങളിൽ നിന്ന് മോചനം നേടാൻ കഴിയു.

*കൃഷ്ണമൂർത്തിയുടെ കൃതികൾ ഭാഗം 6,*
*കൊളംബോ, ജാനുവരി. 1, 1950*

# സമാധാനം വിലയ്ക്കു വാങ്ങാവുന്നതല്ല.

*കൃഷ്ണമൂർത്തിയുടെ കുറിപ്പുകൾ* എന്ന പുസ്തകത്തിൽ നിന്ന് 18, ഒക്ടോബർ 1973

സംസ്കൃതത്തിൽ ശാന്തിക്കായുള്ള ഒരു നീണ്ട പ്രാർത്ഥനയുണ്ട്. ശാന്തി പരമമായ ഒരാവശ്യമായിരുന്ന ഒരാൾ നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതിയതായിരുന്നു അത്. ശാന്തിയിൽ വേരൂന്നിയതായിരുന്നിരിക്കാം ഒരു പക്ഷേ അദ്ദേഹത്തിന്റെ അനുദിന ജീവിതം ദേശീയതയുടെ വിഷം പടരുന്നതിനും, ധനശക്തിയുടെ അമർത്യതയ്ക്കും വ്യവസായ വിപ്ലവം ലൗകികതയുടെ പിടിവാദം കൊണ്ടു വരുന്നതിനും മുമ്പായിരുന്നു അത് എഴുതപ്പെട്ടത്. ശാന്തി ദീർഘകാലം നിലനിൽക്കാനാണ് ആ പ്രാർത്ഥന. ദൈവങ്ങൾക്കിടയിൽ, സ്വർഗ്ഗത്തിൽ, നക്ഷത്രങ്ങൾക്കിടയിൽ സമാധാനമുണ്ടാകട്ടെ. ഭൂമിയിൽ മനുഷ്യർക്കിടയിലും നാല്ക്കാലികൾക്കിടയിലും സമാധാനമുണ്ടാകട്ടെ. നമ്മൾ പരസ്പരം വേദനിപ്പിക്കാതിരിക്കട്ടെ. നാം പരസ്പരം മഹാമനസ്കതയുള്ളവരായിരിക്കട്ടെ. നമ്മുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും

നയിക്കാനുള്ള ബുദ്ധി നമുക്കുണ്ടാകട്ടെ. നമ്മുടെ പ്രാർത്ഥനയിൽ, അധരങ്ങളിൽ, ഹൃദയങ്ങളിൽ സമാധാനമുണ്ടാകട്ടെ.

ഈ സമാധാനത്തിൽ വൈയക്തികതയുടെ യാതൊരു സൂചനയുമില്ല. അതു വളരെക്കഴിഞ്ഞാണ് വന്നത്. അതിൽ നമ്മൾ മാത്രമാണുള്ളത്. നമ്മുടെ സമാധാനം, നമ്മുടെ ബുദ്ധി, നമ്മുടെ അറിവ്, നമ്മുടെ ബോധോദയം. സംസ്കൃത സ്തോത്രങ്ങളുടെ ശബ്ദത്തിന് സവിശേഷമായ ഒരു ഫലമുള്ളതുപോലെതോന്നും. ഒരു ക്ഷേത്രത്തിൽ അമ്പതോളം പുരോഹിതന്മാർ സംസ്കൃതത്തിൽ മന്ത്രാലാപനം നടത്തുന്നുണ്ടായിരുന്നു. അമ്പലമതിലുകൾ പോലും പ്രകമ്പനം കൊള്ളുന്നതായി തോന്നി.

ആ തിളങ്ങുന്ന പച്ചപ്പാടത്തിലൂടെ, വെയിലേറ്റുനില്ക്കുന്ന കാട്ടിലൂടെ അപ്പുറത്തേക്ക് ഒരു പാത പോകുന്നുണ്ട്. ആരും തന്നെ നിഴലും വെളിച്ചവും നിറഞ്ഞ ആ കാട്ടിലേക്ക് വരാറില്ല. വളരെ ശാന്തവും നിശ്ശബ്ദവും ഏകാന്തവും ആയിരുന്നു അവിടം. അവിടെ അണ്ണാറക്കണ്ണന്മാരും ലജ്ജാലുവായി ശ്രദ്ധാപൂർവ്വം വല്ലപ്പോഴും മാത്രം പാഞ്ഞുപോകാറുള്ള ഒരു മാനും ഉണ്ടായിരുന്നു. അണ്ണാറക്കണ്ണന്മാർ വൃക്ഷശിഖരങ്ങളിൽനിന്ന് നിങ്ങളെ നിരീക്ഷിക്കുകയും ചിലപ്പോൾ ശകാരിക്കുകയും ചെയ്യും. ഈ കാടുകൾക്ക് വേനലിന്റെ സൗരഭ്യവും നനഞ്ഞമണ്ണിന്റെ ഗന്ധവും ഉണ്ടായിരുന്നു. അവിടെ പ്രായം ചെന്നതും കരിമ്പായൽ പടർന്നതുമായ വൻമരങ്ങളുണ്ട്. അവ നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങൾ ആ സ്വാഗതത്തിന്റെ ഊഷ്മളത അനുഭവിക്കുന്നു. ഓരോ തവണയും നിങ്ങൾ അവിടെയിരുന്ന് ശിഖരങ്ങൾക്കും ഇലകൾക്കും ഇടയിലൂടെ മനോഹരമായ നീലാകാശത്തിലേക്കു നോക്കുമ്പോൾ ആ സമാധാനവും സ്വാഗതവും നിങ്ങളെ കാത്തിരിക്കുകയാണ്.

നിങ്ങൾ മറ്റുള്ളവരോടൊപ്പം കാട്ടിലൂടെ പോകുമ്പോൾ അവിടെ ഏകാന്തതയും നിശ്ശബ്ദതയുമാണ് അനുഭവപ്പെട്ടത്. ജനങ്ങൾ ആ വൃക്ഷങ്ങളുടെ പ്രതാപവും മഹത്ത്വവും അറിയാതെ, ശ്രദ്ധിക്കാതെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർക്ക് അവയുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അതുകൊണ്ട് സ്വാഭാവികമായും പരസ്പരം യാതൊരു ബന്ധവുമുണ്ടാവാനും സാദ്ധ്യതയില്ല. വൃക്ഷങ്ങളും നിങ്ങളും തമ്മിലുള്ള ബന്ധം സമ്പൂർണ്ണവും നേരിട്ടുള്ളതുമാണ്. അവയും നിങ്ങളും സുഹൃത്തുക്കളാണ്. അങ്ങനെ നിങ്ങൾ ഭൂമിയിലുള്ള എല്ലാ വൃക്ഷങ്ങളുടെയും കുറ്റിച്ചെടികളുടെയും പൂക്കളുടെയും സ്നേഹിതനാണ്. നിങ്ങൾ അവയെ നശിപ്പിക്കാനല്ല അവിടെ എത്തിയിരിക്കുന്നത്. അവയ്ക്കും നിങ്ങൾക്കും മദ്ധ്യേ സമാധാനമുണ്ട്.

സംഘർഷവും വേദനയും ദുഃഖവും തുടങ്ങുന്നതിനും അവസാനിക്കുന്നതിനും ഇടയ്ക്കുള്ള ഒരു ഇടവേളയല്ല, സമാധാനം. യാതൊരു ഭരണകൂടത്തിനും സമാധാനം കൊണ്ടുവരാൻ കഴിയില്ല. അതിന്റെ സമാധാനം ദുഷിക്കലിന്റെയും ജീർണ്ണതയുടെയുമാണ്. ഉത്തരവനുസരിച്ചുള്ള ജനത്തിന്റെ ഭരണം ജീർണ്ണത ജനിപ്പിക്കും. കാരണം അത് ഈ ലോകത്തിലുള്ള എല്ലാ ജനങ്ങളേയും കണക്കിലെടുക്കുന്നതല്ല. ഭീകരവാഴ്ചയ്ക്ക്, അവ സ്വാതന്ത്ര്യം നശിപ്പിക്കുന്നതാകയാൽതന്നെ, സമാധാനം നിലനിർത്താൻ സാധിക്കുകയില്ല. സമാധാനവും സ്വാതന്ത്ര്യവും ഒരുമിച്ചു പോകുന്നവയാണ്. സമാധാനത്തിനുവേണ്ടി ഒരുവനെ കൊല്ലുന്നത് പ്രത്യയശാസ്ത്രങ്ങളുടെ മൗഢ്യമാണ്. നിങ്ങൾക്ക് സമാധാനം വിലയ്ക്കു വാങ്ങാൻ കഴിയില്ല. അത് ഒരു ബുദ്ധിജീവിയുടെ കണ്ടുപിടുത്തവുമല്ല. പ്രാർത്ഥനവഴിയോ വിലപേശലിലൂടെയോ വാങ്ങാവുന്ന ഒന്നല്ല അത്. അത് യാതൊരു വിശുദ്ധ മന്ദിരത്തിലും യാതൊരു പുസ്തകത്തിലും, യാതൊരു വ്യക്തിയിലും ഇല്ല. ഒരാൾക്കും നിങ്ങളെ അതിലേക്കു നയിക്കാനാവില്ല. യാതൊരു ഗുരുവിനും യാതൊരു പുരോഹിതനും യാതൊരു പ്രതീകത്തിനും.

ധ്യാനത്തിൽ അത് ഉണ്ട്. ധ്യാനം എന്നത് സമാധാനത്തിന്റെ ചലനമാണ്. അതു കണ്ടെത്തേണ്ട ഉദ്ദിഷ്ട കാര്യമല്ല. ചിന്തയോ വാക്കോ കൊണ്ട് ചേർത്തുവെയ്ക്കുന്ന ഒന്നല്ല അത്. ധ്യാനത്തിന്റെ പ്രവർത്തനം വിവേകമാണ്. ധ്യാനം നിങ്ങൾ പഠിക്കുകയോ അനുഭവിക്കുകയോ ചെയ്തിട്ടുള്ളവയിൽ ഒന്നുമല്ല. നിങ്ങൾ പഠിച്ചിട്ടോ അനുഭവിച്ചിട്ടോ ഉള്ളവയെല്ലാം മാറ്റിവെയ്ക്കലാണ് ധ്യാനം. അനുഭവിക്കുന്നവനിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് ധ്യാനം. ബന്ധത്തിൽ യാതൊരു സമാധാനവും ഇല്ലാത്തപ്പോൾ ധ്യാനത്തിലും യാതൊരു സമാധാനവും ഉണ്ടാവില്ല. അതു മിഥ്യയിലേക്കും സങ്കല്പങ്ങൾ നിറഞ്ഞ സ്വപ്നങ്ങളിലേക്കുമുള്ള ഒരു രക്ഷപ്പെടലാണ്. അത് തെളിയിച്ചു ബോദ്ധ്യപ്പെടുത്താനോ വിശദീകരിക്കാനോ സാദ്ധ്യമല്ല. നിങ്ങൾ സമാധാനത്തിന്റെ വിധികർത്താവല്ല. അത് അവിടെയുണ്ടെങ്കിൽ നിങ്ങളുടെ അനുദിന ജീവിതകർമ്മങ്ങളിലൂടെയും നിങ്ങളുടെ ജീവിതത്തിന്റെ നന്മയിലൂടെയും ക്രമത്തിലൂടെയും നിങ്ങൾ അതിനെപ്പറ്റി ബോധവാനാകും.

ആ പ്രഭാതത്തിൽ ഉരുണ്ടുകൂടിയ മേഘങ്ങളും മൂടൽമഞ്ഞും ഉണ്ടായിരുന്നു. മഴ പെയ്യാൻ തുടങ്ങുകയായിരുന്നു. നീലാകാശം വീണ്ടും കാണാൻ അനേകദിവസങ്ങൾ കഴിയും. എന്നാൽ നിങ്ങൾ കാട്ടിൽ എത്തിക്കഴിഞ്ഞപ്പോൾ ആ സമാധാനത്തിനും സ്വാഗതത്തിനും യാതൊരു കുറവും ഇല്ലായിരുന്നു. അവിടെ തികഞ്ഞ നിശ്ചലതയും അഗ്രാഹ്യമായ ശാന്തിയും ഉണ്ടായിരുന്നു. അണ്ണാറക്കണ്ണന്മാർ ഒളിക്കുകയും പുൽമേടുകളിലെ പച്ചക്കുതിരകൾ നിശ്ശബ്ദരാവുകയും ചെയ്തു. മലകൾക്കും താഴ്വരകൾക്കും അപ്പുറത്ത് അസ്വസ്ഥയായ കടലായിരുന്നു. ■

*Published in September, January and May*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org.
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028. Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*